# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 08 | 2020 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

**മകരവിളക്ക് മഹോത്സവം: ആയുർവേദ ആശുപത്രിയിൽ ചികിത്സ തേടിയത് എണ്ണായിരത്തിലധികം പേർ**

മകരവിളക്ക് മഹോത്സവത്തിനായി നട തുറന്ന ശേഷം സന്നിധാനത്തെ സർക്കാർ ആയുർവേദ ആശുപത്രിയിൽ എണ്ണായിരത്തിലേറെ തീർത്ഥാടകർ ചികിത്സ തേടി. മല കയറി എത്തുന്ന അയപ്പ ഭക്തരെ ചികിത്സിക്കാൻ 5 ഡോക്ടർമാരുൾപ്പെടെ 14 ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാണ്. മകരവിളക്കിനുണ്ടായേക്കാവുന്ന തിരക്ക് കണക്കിലെടുത്ത് അവശ്യമരുന്നുകൾ ആശുപത്രിയിൽ ശേഖരിച്ചിട്ടുണ്ടെന്ന് ചീഫ് മെഡിക്കൽ ഓഫീസർ ശ്യാം കൃഷ്ണൻ പറഞ്ഞു.

പ്രധാനമായും ചുമ, വാതസംബന്ധമായ അവശത ,പേശി വേദന, ശരീര വേദന, പനി എന്നിവയുമായാണ് രോഗികൾ ഏറെയും എത്തുന്നത്. ഇവയ്ക്കെല്ലാം ഇവിടെ വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. ജലദോഷവും കഫക്കെട്ടും മൂലം ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് ആവി പിടിക്കുന്നതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അവശ്യ ഘട്ടങ്ങളിൽ മസാജിങ് വിദഗ്ധരായ രണ്ടുഫിസിയോ തെറാപ്പിസ്റ്റുകളുടെ സേവനവും സന്നിധാനത്തെ സർക്കാർ ആയുർവേദ ആശുപത്രി യിൽ ലഭ്യമാണ്.

(പി.ആർ. ശബരി-310)

## ജ്ഞാനപ്പാനാമൃതത്തിൽ ലയിച്ച് സന്നിധാനം

പിന്നണി ഗായിക രേണുകാ ഗിരിജൻ സന്നിധാനത്ത് ജ്ഞാനപ്പാനാമൃതം അവതരിപ്പിച്ചു. ജ്ഞാനപ്പാന പ്രചരിപ്പിക്കുക എന്ന ഉദേശ്യത്തോടു കൂടിയാണ് വിവിധ ക്ഷേത്രങ്ങളിൽ ജ്ഞാനപ്പാന അവതരിപ്പിച്ചു വരുന്നതെന്ന് സന്നിധാനത്ത് എത്തിയ അവർ പറഞ്ഞു. സന്നിധാനത്തെ വലിയ നടപ്പന്തലിലെ ശാസ്താ ഓഡിറ്റോറിയത്തിൽ അവതരിപ്പിച്ച സംഗീത പരിപാടിക്ക് പതിനായിരക്കണക്കിന് അയ്യപ്പഭക്തർ സാക്ഷികളായി. സിനിമ, സംഗീത നാടക രംഗത്ത് പ്രവർത്തിക്കുന്ന ഇവർ 2014 ലും സന്നിധാനത്ത് സംഗീത പരിപാടി അവതരിപ്പിച്ചിട്ടുണ്ട്. സംഗീത നാടക ആക്കാദമി അവാർഡ് ഉൾപ്പെടെ വിവിധ പുരസ്കാരങ്ങൾ നേടിയിട്ടുള്ള രേണുക സന്നിധാനത്ത് ജ്ഞാനപ്പാനാമൃതം അവതരിപ്പിക്കാനായത് മഹാഭാഗ്യമായിക്കാണുന്നു.

(പി.ആർ. ശബരി-311)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 08 | 2020 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

### അകക്കണ്ണിൽ ദർശന സായൂജ്യം നേടി രാമകൃഷ്ണൻ

ആറാം തവണയും വ്രതം നോറ്റ് രാമകൃഷ്ണൻ സന്നിധാനത്ത് എത്തിയത് അകക്കണ്ണിൽ ദർശന സായൂജ്യത്തിനായി. 29 കാരനായ രാമകൃഷ്ണൻ ജന്മനാ അന്ധനാണ്. ആന്ധ്രാ പ്രദേശിലെ ശ്രീ കാളഹസ്തിയിൽ നിന്നും ഇത്രയും ദൂരം പിന്നിട്ട് ശബരിമല ശാസ്താവിനെ ദർശിക്കാനെത്തിയത് ശാസ്താവിന്റെ അനന്ത ശക്തി തിരിച്ചറിഞ്ഞാണെന്ന് രാമകൃഷ്ണൻ പറഞ്ഞു. ചിത്തൂർ ജില്ലയിലെ സന്നിധി സ്ട്രീറ്റിലാണ് താമസം. അച്ഛനും അമ്മയും ഏകമകന് വഴികാട്ടിയായി കൂടെയുണ്ട്. എല്ലാ തവണയും ദേവസ്വം ബോർഡ് അധികൃതരും പോലീസുകാരും സുഖ ദർശനത്തിന് എല്ലാ സഹായവും ചെയ്ത് തരാറുള്ളതായി രാമകൃഷ്ണന്റെ പിതാവ് പി.എസ്.സുബ്രഹ്മണ്യം പറഞ്ഞു. പതിവിലും തിരക്കാണ് ഇത്തവണ സന്നിധാനത്തെന്ന് അദ്ദേഹം പറഞ്ഞു.

(പി.ആർ. ശബരി-312)

### സന്നിധാനത്ത് ഭക്തജന തിരക്ക്

മകരവിളക്കിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കേ സന്നിധാനത്ത് ഭക്തജന തിരക്ക്. ബുധനാഴ്ച പലപ്പോഴും ദർശനത്തിനായി എത്തുന്ന അയപ്പഭക്തരുടെ നീണ്ട നിര ശരം

കുത്തിവരെ നീണ്ടു. എല്ലാ ഭക്തർക്കും ദർശനമൊരുക്കുന്നതിനായി പോലീസ് സേനാംഗങ്ങൾ ഉൾപ്പെടെ വിവിധ വകുപ്പുകൾ മികച്ച രീതിയിലാണ് പ്രവർത്തിക്കുന്നത്. തിരക്ക് നിയന്ത്രിച്ച് ഭക്തർക്ക് സുഗമ ദർശനം ഒരുക്കുന്നതിനായി ദർശനം കഴിഞ്ഞ ഭക്തരെ സന്നിധാനത്ത് ഏറെ നേരം തങ്ങാൻ അനുവദിക്കാതെ പമ്പയിലേക്ക് മടക്കി അയക്കാൻ വേണ്ട നിർദേശങ്ങൾ വിവിധ ഭാഷകളിൽ ഉച്ചഭാഷിണിയിലൂടെ നൽകുന്നുണ്ട്. പതിനെട്ടാംപടിയിൽ തിരക്ക് വർധിച്ചതിനെ തുടർന്ന് ചൊവ്വാഴ്ച ഉച്ചവരെ മിനിറ്റിൽ എൻപതിന് മുകളിൽ ഭക്തരെ കടത്തിവിട്ടു.

തിരക്കുമൂലം ദീർഘനേരം ക്യൂവിൽ കഴിയേണ്ടിവരുന്ന ഭക്തർക്കായി ദേവസ്വം ബോർഡിന്റെയും വാട്ടർ അതോറിറ്റിയുടെയും നേതൃത്വത്തിൽ കുടിവെള്ള വിതരണം നടത്തുന്നുണ്ട്. കട്ടി വെള്ള കിയോസ്കുകൾ കൂടാതെ അനവധിയിടങ്ങളിലായി ഔഷധ കുടിവെള്ളവും ബിസ്ക്കറ്റുകളും വിതരണം ചെയ്യുന്നുണ്ട്.

(പി.ആർ. ശബരി-313)

## ശബരിമല നാളത്തെ (09-01-2020)ചടങ്ങുകൾ

പുലർച്ചെ 2.45 ന് പള്ളിയുണർത്തൽ
3 മണിക്ക് തിരുനട തുറക്കൽ
3.05 ന് നിർമ്മാല്യ ദർശനം
3.10 ന് അഭിഷേകം
3.15 മുതൽ 7 മണി വരെ നെയ്യഭിഷേകം
3.30 ന് ഗണപതിഹോമം
7.30 ന് ഉഷപൂജ
8 മണി മുതൽ 11.15 വരെ നെയ്യഭിഷേകം തുടരും
11.45ന് കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കും
വൈകിട്ട് 4 മണിക്ക് തിരുനട തുറക്കൽ
6.30ന് ദീപാരാധന
7 മണിക്ക് പുഷ്പാഭിഷേകം
9.30 ന് അത്താഴപൂജ
രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.